Malappuram District Police

**22.10.2017 മലപ്പുറം**

ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ വീരമൃത്യു വരിച്ച സേനാംഗങ്ങളുടെ ഓർമയിൽ ഇന്നലെ ജില്ലയിൽ പോലീസ് സ്മൃതിദിനാചരണം. വിടപറഞ്ഞ പോലീസ് ഉദ്യോഗസ്ഥരുടെ ഓർമകൾക്ക്, മലപ്പുറം മേൽമുറി ക്യാംപിൽ നടന്ന അനുസ്മരണ പരേഡിൽ അഭിവാദ്യമർപ്പിച്ചു. ജില്ലാ പൊലീസ് മേധാവി ദേബേഷ് കുമാർ ബെഹ്റ സല്യൂട്ട് സ്വീകരിച്ചു. ഡിവൈഎസ്പിമാരും പങ്കെടുത്തു.

എംഎസ്പി കമാണ്ടന്റ് കെ.പി. ഫിലിപ് ഉദ്ഘാടനം ചെയ്തു. ഉപന്യാസ രചനാ മത്സര വിജയികൾക്ക് കമാണ്ടന്റ് ഉപഹാരം നൽകി. എം.ബിജേഷ് ആധ്യക്ഷ്യം വഹിച്ചു. ഡിഎംഒ ഡോ. കെ.സക്കീന, ടി.എം.കുഞ്ഞായി, രജീഷ് ചേമേരി തുടങ്ങിയവര് പ്രസംഗിച്ചു.

ജില്ലയിലെ എല്ലാ പോലീസ് സ്റ്റേഷനുകളുടെയും പരിധിയിൽ സ്കൂളുകൾ കേന്ദ്രീകരിച്ച് സ്മൃതിദിനാചരണം സംഘടിപ്പിക്കുകയും സേനാംഗങ്ങൾ രക്തദാനം നിർവ്വഹിക്കുകയും ചെയ്തു.